# മോഹിനി

ചങ്ങമ്പുഴ

Digitized By Kerala Sahitya Akademi

# മോഹിനി

[ഒരു ലഘുകാവ്യം]

ഗ്രന്ഥകർത്താ:

ചങ്ങമ്പുഴ കൃഷ്ണപിള്ള, എം. എ.

ഇടപ്പള്ളി

Publishers:

THE MANGALODAYAM LIMITED,

TRICHUR

Digitized By Kerala Sahitya Akademi

First Impression in Kanni, 1120
Copies—1000
Reprinted in Mithunam 1120
Copies—1000
Reprinted in Chingom, 1122
Copies—1000
Reprinted in Chingom, 1125
Copies—1000
Reprinted in Makarom, 1128
Copies—1000

*All rights*
*Strictly reserved and kept by*
*Mrs. Sreedevi Changompuzha*
*Edappally*
*(N. Travancare)*

Price:
EIGHT ANNAS

Printed at
The Mangalodayam Press.
Trichur.

Digitized By Kerala Sahitya Akademi

# പ്രസ്താവന

ഒൻപതു സംവത്സരങ്ങൾക്കുപ്പുറമാണു് ഈ ലഘുകൃതിയുടെ നിർമ്മാണം. പിറേറക്കൊല്ലം പുറപ്പെട്ട മാതൃഭൂമി വാർഷികപ്പതിപ്പിൽ ആദ്യമായി ഇതു പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതിനുശേഷം കശ്നങ്ങളായ പല വിമശ്നങ്ങൾക്കും, ഫലിതസാഹിത്യചക്രവത്തിയായ സഞ്ജയൻെറ ഹാസ്യാനുകരണത്തിന്നും പാത്രമായിത്തീൎന്ന പ്രസ്തുതകാവ്യം ഇപ്പോൾ മാത്രമേ പുസ്തകരൂപത്തിൽ പുറത്തിറക്കുവാൻ സാധിച്ചുള്ളൂ. അധൈര്യമല്ല, അമാന്തമാണു് അതിന്നു കാരണം. ലോകം ഭിന്നരുചിയായിരിക്കെ, ഖണ്ഡനഗർജ്ജനങ്ങൾ കേട്ടു കവിഹൃദയം ചൂളിപ്പോകുന്നെങ്കിൽ, അതു തികച്ചും അർത്ഥശൂന്യമായിരിക്കും.

വിനീതയായ എൻെറ 'മോഹിനി' സഹൃദയരെ സമീപിക്കുന്നു. അവളെ ആദരിക്കുന്നവർ ആദരിക്കട്ടെ; ആട്ടിപ്പായിക്കുന്നവർ അങ്ങിനെ ചെയ്യട്ടെ—ഞാൻ ഇരുകൂട്ടരോടും ഒന്നുപോലെ കൃതജ്ഞനാണു്.

കൊച്ചി,
12—10—1119.

ഗ്രന്ഥകത്താവ്.

Digitized By Kerala Sahitya Akademi

ജീവജാലങ്ങളിലൊക്കെയല്പാല്പമായ്-
ത്താവിയിരിക്കും തമോമയാംശം,
ഒന്നിച്ചുകൂട്ടിക്കലർത്തിക്കരുപ്പിടി-
ച്ചൊന്നാദ്യമീശ്വരൻ വാർത്തുനോക്കി.
ഒത്തില്ലതാണു ചെകുത്താ,നവനില-
ന്നൊട്ടിപ്പിടിച്ചില്ലസൂയമാത്രം!
എന്നി,ല്ലിളംപതമാകയാ,ലുള്ളിനു
വന്നീല വേണ്ടത്ര കാഠിന്യവും!—
അക്കുറവൊക്കെപ്പരിഹരി,ച്ചന്ത്യത്തി-
ലിക്കാണും മർത്ത്യനെത്തീർത്തു ദൈവം.
ചെന്നായ ചീങ്കണ്ണി പോത്തു ചീററപ്പുലി
പന്നി പാമ്പോന്തൊക്കെയുണ്ടവനിൽ!!

—"ഓണപ്പൂക്കൾ" — ചങ്ങമ്പുഴ

Digitized By Kerala Sahitya Akademi

വ്യാമോഹങ്ങളകന്നകന്നു ഹൃദയം
സായൂജ്യസന്ദായക-
പ്രേമോത്യൽക്കനകാംശുധാരയിലലി-
ഞ്ഞാറാടുമാറങ്ങനെ,
ക്ഷേമോത്സംഗമതിൽസ്സുഖിച്ചരുളുമെൻ-
ദേവിക്കു വായിക്കുവാൻ
സാമോദം നിജതൃപ്പദത്തളിരിലി-
ക്കാവ്യം സമർപ്പിപ്പൂ ഞാൻ.

COCHIN,
25—5—1944.

*Changampuzha.*

Digitized By Kerala Sahitya Akademi

**The heart of man has the appetite of swine.**

*—Manuel Komroff*

Digitized By Kerala Sahitya Akademi

# മോഹിനി

മനശ്ശാസ്ത്രപണ്ഡിതന്മാരുടെ അത്ഭുതാവഹമായ അപഗ്രഥനപാടവത്തെ കൊഞ്ഞനംകുത്തിക്കൊണ്ടുനില്ക്കുന്ന ഒന്നാണ് മനുഷ്യഹൃദയം. വൈചിത്ര്യങ്ങളും വൈവിധ്യങ്ങളും കെട്ടുപിണഞ്ഞു വിശകലനസാദ്ധ്യതയെ വെല്ലുവിളിച്ചുകൊണ്ടാണ് ഇന്നും അജയ്യഭാവത്തിൽ അതു നിലകൊള്ളുന്നതു്. അടുത്ത കാലങ്ങളിൽ ശാസ്ത്രത്തിന്റെ വെളിച്ചം അകത്തു കടക്കാൻ തുടങ്ങിയതോടുകൂടി സുസൂക്ഷ്മങ്ങളായ ഭാവകോടികളുടെ സങ്കീർണ്ണതയെ ആവരണംചെയ്തുകൊണ്ടിരുന്ന അന്ധകാരപടലം അല്പാല്പമായി നീങ്ങിത്തുടങ്ങിയിട്ടുണ്ടെങ്കിലും, അവയുടെ വ്യാപ്തിയും വൈവിധ്യവും ഇന്നും ദുർഗ്രഹമായി വർത്തിക്കുന്നതേയുള്ളു.

ഈ ലോകത്തിൽ ജീവിക്കുന്ന സകലമനുഷ്യരും ബാഹ്യമായ ആകാരഘടനയിലെന്നപോലെതന്നെ ആന്തരമായ സ്വഭാവഘടനയിലും ഒന്നിനൊന്നു വ്യത്യാസപ്പെട്ടാണിരിക്കുന്നതു്. ഒററ നോട്ടത്തിൽ യാതൊരു വ്യത്യാസവും തോന്നിക്കാത്ത ഇരട്ടപെററ രണ്ടു കുട്ടികൾക്കുപോലും സൂക്ഷ്മനിരീക്ഷണത്തിൽ സാരമായ പല വ്യത്യാസങ്ങളും ഉള്ളതായിക്കാണാം. ശാരീരികഘടനയിൽ പ്രത്യക്ഷപ്പെടുന്ന ഈ വൈചിത്ര്യത്തിന്റെ വ്യാപ്തി മാനസികഘടനയിൽ അസീമവും അമേയവുമായി നിലകൊള്ളുന്നു. നിയതികൃതനിയമരഹിതമാണ് മനുഷ്യന്റെ ഹൃദയവ്യാപാരങ്ങൾ. അനന്തമായ ആഴിപ്പരപ്പിലെ അലമാലകളുടെ ആന്ദോളനങ്ങൾപോലെയാണ് അവയുടെ ഗതിവൈചിത്ര്യം. സകലമനുഷ്യരിലും ഒന്നുപോലെ ചില സമാനഭാവങ്ങൾ പ്രത്യക്ഷപ്പെടാറില്ലെന്നില്ല. എങ്കിലും അവയ്ക്കുപോലും സൂക്ഷ്മമായ വിശകലനത്തിൽ വ്യക്തികളെ ആശ്രയിച്ചു് അല്പാല്പമായ അന്തരം കണ്ടുവരുന്നുണ്ടു്.



Digitized By Kerala Sahitya Akademi

ഈ കൃതിയിലെ നായകനായ 'സോമശേഖരൻ' ഒരു വിചിത്രമനോഭാവത്തോടുകൂടിയവനാണ്. അവന്റെ സ്ഥാനത്തു സാധാരണക്കാരനായ ഒരു കാമുകനായിരുന്നുവെങ്കിൽ സുശീലയും സുന്ദരിയും സ്നേഹസമ്പന്നയുമായ മോഹിനിയുടെ പരിശുദ്ധജീവിതം ഇങ്ങനെ ദാരുണമായ ഒരു ദുരന്തത്തെ പ്രാപിക്കുമായിരുന്നില്ല. അവന്റെ ഹൃദയം തികച്ചും പ്രേമസമ്പൂർണ്ണമാണ്; അതിനെ വിശകലനം ചെയ്യുമ്പോൾ സൂക്ഷ്മങ്ങളായ അനവധി ഭാവങ്ങൾ പ്രത്യക്ഷപ്പെടുന്നുണ്ടെങ്കിലും, അവയെല്ലാം മീതെ നമ്മുടെ ശ്രദ്ധയെ ഒന്നോടാകർഷിച്ചടക്കിനിർത്തുവാൻ കരുത്തുള്ള കേന്ദ്രത്തോടുകൂടിയ ഒരു 'പ്രത്യേകഭാവം' നാം കണ്ടെത്തുന്നു. അതിൽനിന്നുറവെടുക്കുന്ന ഒരു വിചിത്രമായ ചിന്താവൈകൃതമാണ് അവന്റെ പൈശാചികപ്രവൃത്തിക്കു നിദാനമായി നിലകൊള്ളുന്നതു്.

മനുഷ്യരാശിയിൽ സാഡിസം, മസോക്കിസം, പിഗ്മാലിയാനിസം എന്നിങ്ങനെ മൂന്നുവിധത്തിലുള്ള സ്വഭാവവൈകൃതങ്ങൾ സ്ഥിതിചെയ്യുന്നതായി മനശ്ശാസ്ത്രപണ്ഡിതന്മാരും ലൈംഗികശാസ്ത്രവിദഗ്ദ്ധന്മാരും ഉൽഘോഷിക്കുന്നു. എല്ലാ മനുഷ്യരുടേയും മാനസികമണ്ഡലത്തിൽ ഈ മൂന്നു സ്വഭാവങ്ങളും അല്പാല്പമായിട്ടെങ്കിലും കലർന്നിരിക്കും. പക്ഷേ അസംഖ്യങ്ങളായ ഇതരഭാവങ്ങളുമായി കെട്ടുപിണഞ്ഞു കിടക്കുന്നതിനാൽ അവ പ്രത്യേകം ശ്രദ്ധേയമായിത്തീരുന്നില്ല. എന്നാൽ അപൂർവ്വം ചില വ്യക്തികളിൽ ഇവയിലേതെങ്കിലും ഒന്നു് അനിയന്ത്രിതമായി വളർന്നുവെന്നു വരാം. അങ്ങനെ പരിപുഷ്ടമായി പരിണമിക്കുമ്പോളാണ് അതു നമ്മുടെ ശ്രദ്ധയിൽപ്പെടുന്നതു്.

ദ്രോഹപ്രവൃത്തിയിൽനിന്നും സഞ്ജാതമാകുന്ന സന്തോഷം സാഡിസത്തിന്റെ സന്താനമാണ്. മറ്റുള്ളവരെ വേദ



Digitized By Kerala Sahitya Akademi

നിപ്പിക്കുന്നതിൽ ആനന്ദം അനുഭവിക്കുന്ന ചില വ്യക്തികളുണ്ടു്. രക്തം കണ്ടാൽ മൂർച്ഛിച്ചുവീഴുന്നവരേയും, രക്തം ചൊരിയുന്നതിൽ പ്രത്യേകതാൽപര്യത്തോടുകൂടിയവരേയും നാം കാണുന്നില്ലേ? യഥാർത്ഥമാലോചിച്ചാൽ നൈസർഗ്ഗികമായി നമ്മിൽ ഉൾച്ചേർന്നിരിക്കുന്ന ഒരു സവിശേഷതയാണിതെന്നു കാണാം. ഈച്ച ഉറുമ്പു മുതലായ സാധുപ്രാണികളെ അടിച്ചു കൊല്ലുന്നതിൽ കൊച്ചുകുട്ടികൾ ആവേശപൂർണ്ണമായ ഒരാനന്ദം അനുഭവിക്കുന്നതായിക്കാണുന്നില്ലേ? എവിടെയെങ്കിലുംവെച്ചു് ഒരു പട്ടിയെക്കണ്ടാൽ കല്ലെടുത്തൊന്നെറിയാത്ത ഒരു ബാലനെ എവിടെക്കാണുവാൻ കഴിയും? അതിൽ ഒരു രസമുണ്ടു്; ആ പൈശാചികമായ രസാനുഭവത്തിനു പ്രേരകമായി നില്ക്കുന്ന നൈസർഗ്ഗികഭാവം, പിൽക്കാലങ്ങളിൽ, വിദ്യാഭ്യാസംകൊണ്ടും മറ്റും സിദ്ധമാകുന്ന സംസ്കാരത്താൽ നാമറിയാതെതന്നെ നിഗ്രഹിക്കപ്പെടുന്നുവെന്നേയുള്ളൂ. ലോകത്തിൻെറ ശൈശവദശയിൽ, ഹിംസ്രജന്തുക്കളുമായി മുഷ്ടിയുദ്ധംചെയ്തു വിദലിതശരീരരായി രക്തക്കളത്തിൽ തളർന്നുവീണു കൈകാലടിച്ചു പിടയുന്ന നിസ്സഹായരായ അടിമകളുടെ പ്രാണവേദനയിൽ ആത്മാനുഭൂതി അനുഭവിച്ചിരുന്ന റോമൻചക്രവർത്തികളുടേയും രാജ്യവാസികളുടേയും ആ പൈശാചികമനോവൃത്തി ചരിത്രം നമ്മെ കാണിച്ചുതരുന്നില്ലേ? കോഴിപ്പോർ മുതലായ വേതാളകേളികളിൽ ഇന്നും എത്രയെത്ര മനുഷ്യഹൃദയങ്ങൾ ആനന്ദനൃത്തംചെയ്യുന്നു!

വേദനയനുഭവിക്കുന്നതിൽ സംതൃപ്തിയുൾക്കൊള്ളുന്നവരുണ്ടു്. അവരാണു് മസോക്കിസ്റ്റ്സ്. പരസ്പരം കണക്കിലേറെ കലഹിച്ചു 'കണ്ണീരും കൈയുമായി' കഴിഞ്ഞുകൂടുവാൻ എങ്ങനെയെങ്കിലും സാദ്ധ്യമാകാതെ വന്നുകൂടുന്ന ദിവസങ്ങളിൽ അനിർവ്വാച്യമായ ഒരസുഖം അനുഭവിക്കുന്ന പല ദമ്പതിമാരേയും എനിക്കറിയാം. സാഡിസത്തിനു നേരെ വിരുദ്ധമായിട്ടുള്ളതാണു് മ



Digitized By Kerala Sahitya Akademi

സോക്കിസം. മട്ടിക്കുന്നതിലല്ല മട്ടിയ്ക്കപ്പെടുന്നതിലാണു്, മററുള്ളവരുടെ വേദനയിലല്ല സ്വന്തം വേദനയിലാണു്, ഇക്കൂട്ടർക്കു് ആനന്ദം.

സ്ത്രീരൂപത്തിലുള്ള ശിലാദിവിഗ്രഹങ്ങളിൽ ലൈംഗികമായ ഉല്ക്കടാഭിനിവേശം ഉൾക്കൊള്ളുന്നതാണു് പിശാലിയാനിസം. യഥാത്ഥമലോചിച്ചാൽ കലാസ്വാദനത്തിന്നും ലൈംഗികജീവിതത്തിന്നും തമ്മിൽ വലിയ ഒരു ബന്ധമുണ്ടെന്നു കാണാം. മാനസികഘടനയിൽ പിശാലിയാനിസം എന്ന അംശമാണു് കലാബോധത്തിന്റെ അസ്തിവാരമായി നിലകൊള്ളുന്നതു്. കാമവികാരത്തിന്നു കാരണമായ 'ലിബിഡോ' കലാകാരന്മാരിൽ കണക്കിലേറെക്കലന്നിരിയ്ക്കും. കവികളുടേയോ ഗായകന്മാരുടേയോ ചിത്രകാരന്മാരുടേയോ ശില്പികളുടേയോ ജീവചരിത്രം പരിശോധിച്ചുനോക്കിയാൽ, ലൈംഗികജീവിതത്തിന്നും കലാബോധത്തിന്നും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നുള്ള ശാസ്ത്രത്തിന്റെ വാദം തികച്ചും പരമാത്ഥമാണെന്നു വെളിപ്പെടും. വിശ്വവിഖ്യാതരായ കലാകാരന്മാരിൽ ഭൂരിഭാഗവും സദാചാരത്തിന്റെ നിയമസീമയെ അതിലംഘിച്ച കാമാത്മകങ്ങളായ ആനന്ദാനുഭൂതികളുടെ അങ്കതലത്തിൽ സ്വച്ഛന്ദവിഹാരംചെയ്തിരുന്നവരാണെന്നു കാണാം.

പരമാത്ഥങ്ങളെ മനുഷ്യൻ ഇഷ്ടപ്പെടുന്നില്ല. എന്തുകൊണ്ടെന്നാൽ അവ അവനെ അവനായിത്തന്നെ ലോകസമക്ഷം പ്രദശിപ്പിക്കുന്നു. സദാചാരവിധികളുടെ മറവിൽ പതുങ്ങിനിന്നുകൊണ്ടു് ആത്മവഞ്ചന ചെയ്യുന്നതാണു് ആ ഭീരുവിന്നിഷ്ടം. ശാസ്ത്രത്തിന്റെ നേരെ പൌരോഹിത്യത്തിന്റെ വെളിപാടുകൾക്കെല്ലാം അതാണല്ലോ കാരണം. ഈ കേരളത്തിൽത്തന്നെ, അടുത്ത കാലത്തു്, വെണ്മണിമഹാമഹത്തിൽ, മഹാകവി വള്ളത്തോൾ ചെയ്ത പ്രസംഗത്തിൽ, കവികളുടെ സദാചാരബോധ-



Digitized By Kerala Sahitya Akademi

ത്തെക്കുറിച്ചുണ്ടായ ചില സൂചനകൾ പത്രലോകത്തിൽ ഏററവും അരിശംകൊള്ളിച്ചതു 'സത്യനാദ'ത്തെയാണെന്നുള്ള കാര്യം ഒരിക്കലും മറക്കത്തക്കതല്ല. കാമവികാരം കണക്കിലേറെയുണ്ടായാൽ കവിയോ കലാകാരനോ ആയിത്തീരുകയില്ലെങ്കിലും, കവിയിലും കലാകാരനിലും മററുള്ളവരിലേറെ കാമവികാരം കലന്നിരിക്കുമെന്നുള്ളതു വെറും പരമാർത്ഥമാണ്. സ്ത്രീവിമുഖരായ കലാസംപാദനലോലുപന്മാരുടെ സംഖ്യ വളരെക്കുറവായിരിക്കുമെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. ദുഷിച്ച സദാചാരതത്വങ്ങളെ ആത്മവഞ്ചനയ്ക്കുള്ളവടിയായെടുക്കാതെ, നിഷ്പക്ഷമായിച്ചിന്തിച്ചുനോക്കിയാൽ—കലയെ ശാസ്ത്രത്തിന്റെ വെളിച്ചത്തിലേയ്ക്കു നീക്കിനിർത്തി അതിന്റെ അടിയിലേയ്ക്കു ചുഴിഞ്ഞിറങ്ങിച്ചെന്നാൽ—കലയുടെ ബീജം കാമവികാരത്തിൽ സ്ഥിതിചെയ്യുന്നതായിക്കാണാം. തേജോമയവും സുരഭിലവുമായ ഷെല്ലിയുടെ കാവ്യാന്തരീക്ഷത്തിൽനിന്നു വേഡ്സ്വർത്തിന്റെ കവനസാമ്രാജ്യത്തിലേയ്ക്കു കടക്കുമ്പോൾ, എന്തെല്ലാം ആഹാര്യതകൾ ഉണ്ടായിട്ടും, എന്തോ ഒന്നിന്നുവേണ്ടി നമ്മുടെ ഹൃദയം ഉഴറിപ്പായുന്നതെന്തുകൊണ്ടാണ്? ശൃംഗാരത്തിന്നു രസരാജസ്ഥാനം കിട്ടുവാൻ ഹേതുവെന്തു്? ആടുന്നവനിലും പാടുന്നവനിലുമാണ് അംഗനമാർക്കഭിനിവേശമെന്നു പഴമക്കാരിയായ നമ്മുടെ മലയാണ്മപോലും പറഞ്ഞുതുടങ്ങിയിട്ടു് എത്ര ശതാബ്ദങ്ങളായി? ആ വക ചൊല്ലുകളെ ശാസ്ത്രത്തിന്റെ സിദ്ധാന്തങ്ങളുമായിത്തട്ടിച്ചുനോക്കുമ്പോൾ പ്രത്യക്ഷപ്പെടുന്ന അനുഭവം അതേപടി വെളിപ്പെടുത്തിയാൽ എന്തിന്നു നെററി ചുളിക്കുന്നു? കലയും കാമവികാരവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു് ഇങ്ങനെ ചില സൂചനകൾ നല്കുവാനല്ലാതെ സവിസ്തരം പ്രതിപാദിക്കുവാൻ ഈ ലഘുപ്രബന്ധത്തിൽ നിവൃത്തിയില്ലല്ലോ.

നമുക്കു വീണ്ടും മോഹിനിയിലേയ്ക്കു കടക്കുക. സോമശേഖ



Digitized By Kerala Sahitya Akademi

രൻെറ മാനസികഘടനയിൽ മേൽവിവരിച്ച സാഡിസം എന്ന അംശമാണു് മുഴച്ചുനില്ക്കുന്നതു്. ശാസ്ത്രദൃഷ്ട്യാ വൈകൃതാത്മകമായ അവൻെറ ചിന്താഗതി, അതിന്നനുരൂപവുമാണു്. എന്നാൽ ശ്രദ്ധേയമായ ഒരു പ്രത്യേകത അതിന്നുണ്ടു്. തത്ത്വോപനിഷ്ഠമായ ഒരു സരണിയിലൂടെയാണു് അവൻെറ ചിന്താപ്രവാഹം. നൈസർഗ്ഗികമായ മാനസികഘടനയിലാണു് അവൻെറ പ്രവൃത്തിയുടെ ഉത്തരവാദിത്വം മുഴുവൻ സ്ഥിതിചെയ്യുന്നതെങ്കിലും, അതിനെ ഒരു മൂടുപടം ഇടുവിച്ചുകൊണ്ടു്, അവൻെറ സംസ്കാരജന്യമായ തത്ത്വബോധം തലയുയർത്തുന്നു. ആ തത്ത്വചിന്ത തെററാ ശരിയോ, അതിന്നാധാരമായ സംസ്കാരം അഭിനന്ദനീയമോ അവഹേളനാർഹമോ എന്നൊരു ചോദ്യത്തിന്നു് ഇവിടെ വഴിയുണ്ടു്. അതിന്നു സമാധാനം പറയേണ്ടതു കലാകാരനല്ല, നീതിശാസ്ത്രജ്ഞനാണു്. ഭൌതികദൃഷ്ട്യാ അവൻെറ കർമ്മം അധിക്ഷേപാർഹമായിത്തോന്നിയേയ്ക്കാം; അതു കേവലം പൈശാചികവുമായിരിയ്ക്കാം. പക്ഷേ ആ കർമ്മത്തിലല്ല, അതിന്നു പ്രേരകമായി വർത്തിക്കുന്ന തത്ത്വത്തിലാണു് അവൻ ആനന്ദിയ്ക്കുന്നതെന്നോർക്കണം. അവൻ മോഹിനിയെ കുത്തിക്കൊന്നതു് അവളുടെ ഹൃദയരക്തം ചിന്നിച്ചിതറിത്തെറിക്കുന്നതു കണ്ടു് ആനന്ദിക്കുവാനല്ല. ആ കാഴ്ച അവനെ വേദനിപ്പിക്കുന്നതേയുള്ളു. എങ്കിലും അവളെക്കൊന്നതിൽ അവന്നൊരു സംതൃപ്തിയുണ്ടു്; അതു തികച്ചും സ്വാർത്ഥരഹിതവുമാണു്.

സോമശേഖരന്നു സ്വന്തമായ ഒരു തത്ത്വശാസ്ത്രമുണ്ടു്. അവൻ സൌന്ദര്യാരാധകനാണു്. കാമജന്യമായ സ്വാർത്ഥപ്രീതിക്കു വശഗമായിരുന്നു അവൻെറ ഹൃദയമെങ്കിൽ, മൃണ്മയമായ ശരീരത്തെ അവലംബിച്ചുനിന്ന ദുർല്ലഭവും സ്വർഗ്ഗീയവുമായ ആ സൌന്ദര്യത്തെ അവൻ അനുഭോഗയുക്തമാക്കിത്തീർക്കുമായിരുന്നു. അതിന്നവൻ ഒരുമ്പെട്ടില്ല. സ്വാർത്ഥലാഭത്തിന്നുവേണ്ടി ആ സൌ



Digitized By Kerala Sahitya Akademi

ന്ദര്യം വിനിയോഗിക്കപ്പെട്ടുന്നുവെങ്കിൽ, ഉത്തുംഗമായ ഒരു മേഖലയെ അധിരോഹണംചെയ്തിരിക്കുന്ന അതിന്നു മനഃപൂർവ്വം അവൻ അപകർഷം വരുത്തുകയായിരിക്കും ചെയ്യുക. അപ്പോൾ അവൻ ഒരു യഥാർത്ഥസൗന്ദര്യാരാധകനല്ലാതായിത്തീരുന്നു. മേഘജ്യോതിസ്സിന്റെ ക്ഷണികജീവിതം അവന്നു തികച്ചും അഭികാമ്യമാണു്.

ബ്രൗണിംഗിന്റെ 'പോർഫിറിയായുടെ കാമുക'ന്നും സോമശേഖരന്നും തമ്മിലുള്ള മൗലികമായ വ്യത്യാസം ഈ തത്വത്തെ ആശ്രയിച്ചാണു് നില്ക്കുന്നതു്. സാമുദായികമായ ഉച്ചനീചാവസ്ഥയെക്കുറിച്ചുള്ള ബോധം സംജനിപ്പിച്ച സ്വാർത്ഥസൃഷ്ടമായ നൈരാശ്യമാണു് പോർഫിറിയായെ ഞെക്കിക്കൊല്ലുന്നതിൽ അവന്നു പ്രേരകമായിനില്ക്കുന്ന മനോഭാവം. സോമശേഖരനെ അതു തീണ്ടിയിട്ടുപോലുമില്ല. ആരാധ്യനായ ആ വിശ്വമഹാകവിയുടെ കലാസുഭഗമായ ആ ഭാവനാസന്താനത്തേക്കാളധികം വിശിഷ്ടമാണു് എന്റെ ഈ വികൃതസൃഷ്ടിയെന്നു ഞാനഭിമാനിക്കുന്നില്ല. വസ്തുസ്ഥിതിയെ ഞാനൊന്നു സൂചിപ്പിച്ചുവെന്നേയുള്ളൂ.

സോമശേഖരന്റെ ആ പ്രത്യേകചിന്താസരണയിലൂടെ നോക്കുമ്പോൾ അവന്റെ കർമ്മം ഒരിക്കലും പൈശാചികമായിത്തീരുന്നില്ല. മൃണ്മയമായ ഈ ഗാത്രപിണ്ഡം ഇന്നല്ലെങ്കിൽ നാളെ തകർന്നടിയുമെന്നുള്ളതു തീർച്ചയാണു്. അങ്ങനെയിരിക്കേ അത്യുത്തമമായ ഒരു ശോഭനമുഹൂർത്തത്തിൽ അതു സംഭവിക്കുന്നതല്ലേ അഭിലഷണീയം? അവർ ദമ്പതികളായിത്തീർന്നു്, അങ്ങനെ ജീവിച്ചുജീവിച്ചു്, സന്താനോൽപാദനത്താലും മറ്റും അവളുടെ സൗന്ദര്യം ക്ഷയിച്ചുക്ഷയിച്ചു്, ഒടുവിൽ അതു വാർദ്ധക്യത്തിന്റെ വികൃതലീലകൾക്കു വിധേയമായി ദ്രവിച്ചടിയുവാൻ അവൻ ഇഷ്ടപ്പെടുന്നില്ല. അതെല്ലാം പ്രകൃതിനിയമമാണെന്നും അതുകൊണ്ടു് അങ്ങനെയുള്ള അവന്റെ ചിന്താഗതി ആശാ



Digitized By Kerala Sahitya Akademi

സ്യമല്ലെന്നും ചിലർ വാദിച്ചേക്കാം. ആ വാദം ഒരുപക്ഷേ ശരിയാണെന്നും വരാം. എന്നാൽ പ്രകൃതിനിയമങ്ങളെ പ്രതിഷേധിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ലോകാരംഭംമുതൽ അപൂർവ്വമായിട്ടെങ്കിലും ഉണ്ടായിട്ടുണ്ടെന്നുള്ള പരമാർത്ഥം വിസ്മരിക്കാവതല്ല. കാണുന്നതിനെ അതേപടി പകർത്തുകയല്ല, കാണേണ്ടതിനെ കാട്ടിക്കൊടുക്കുകയാണ് കവിയുടെ കർത്തവ്യമെന്ന ഒരു വാദത്തിനും ഇവിടെ വഴിയുണ്ട്. കാണുന്നതിനെ കണ്ടു്, അതിനെ നോക്കി നല്ലപോലെ മനസ്സിലാക്കുന്നതിൽനിന്നാണ്, കാണേണ്ടതെങ്ങനെയുള്ളതായിരിക്കണം എന്ന ബോധം ഉറവെടുക്കുന്നതെന്നു് അതിനു സമാധാനം പറയേണ്ടിയിരിക്കുന്നു. 'ഇയാഗോ' അനുകരണാർഹനല്ലായിരിക്കാം; അധികം 'ഇയാഗോ'മാർ ലോകത്തിൽ ജീവിക്കുന്നുമില്ലായിരിക്കാം. പക്ഷേ അങ്ങനെയുള്ളവരെ ചിത്രീകരിക്കുന്നതു് ഒരിക്കലും ഒരപരാധമായിരിക്കുമെന്നു തോന്നുന്നില്ല. സോമശേഖരനും ഇതുപോലെ ഒരപൂർവ്വസൃഷ്ടിയാണ് എന്നു മാത്രം.

കൊച്ചി,
12—10—1119. } ചങ്ങമ്പുഴ കൃഷ്ണപിള്ള എം. എ.



Digitized By Kerala Sahitya Akademi

# മോഹിനി

"കാമനീയകധാമമായെന്നെ-
ക്കാണണമിന്നെൻകാമുകൻ.
ആ മദനനൊയിന്നെനിക്കോരു
രോമഹർഷത്തിൽ മൂടണം.
വിസ്മയാധീനചിത്തനായാത്മ-
വിസ്മൃതിയിലക്കോമളൻ,
മാമകാഗമചിത്രമോത്തൊരു
പ്രേമഗാനം രചിക്കണം.
സാനന്ദ,മതു സാധിതമാക്കാൻ
ഞാനണിഞ്ഞൊരുങ്ങീടട്ടെ...."

രണ്ടു്

മഞ്ജുവാസന്തവാസരോത്സവ-
രഞ്ജിതോദയം, ശ്രീമയം,
ഉല്ലാസാമലസൗരഭോജ്ജ്വല-
ഫുല്ലപ്രസൂനസമാകുലം,
ബാലമാരുതചാലിതലതാ-
ജാലനൃത്തസമ്മേളിതം,
കോകിലാലാപലോലകല്ലോല-
കോമളാരാവപൂരിതം,
മോദസമ്പൂർണ്ണമാകുമാ രംഗം
മോഹനം, മനോമോഹനം!



Digitized By Kerala Sahitya Akademi

മൂന്ന്

സോമശേഖരൻ ധീരമാനസൻ
പ്രേമചിന്താപരവശൻ
വാണിടുന്നു തൻപൂമണിമച്ചിൽ
ക്ഷീണിതാഖിലപ്രജ്ഞനായ്;
കമ്രമായൊരാ ദൃശ്യമൊന്നിലും
കണ്ണയച്ചിടാതേകനായ്!
നിത്യമെത്തിടാറിപ്പൊഴാണട-
ത്തപ്രണയസചിത്രചിണി
തൻപവിത്രോപഹാരമായൊരു
ചെമ്പനീരലർച്ചെണ്ടുമായ്!
"നേരമാകുന്നു, നേരമാകുന്നു,
നീയെവിടെ,യെൻസ്വപ്നമേ?—
തപ്തമായൊരെൻജീവിതത്തിലെ-
സ്സുപ്രഭാതവിലാസമേ!
എങ്ങൊളിച്ചിരിക്കുന്നു നീ കാവ്യ-
രംഗമേ, വിശദമഞ്ജുമേ?
ഇപ്രകൃതിതന്നപ്രമേയമാം
സുപ്രഭാകേന്ദ്രമൊന്നിലും
ചെന്നിടുന്നതില്ലെന്മനമിപ്പോൾ
നിന്നുദയപ്രതീക്ഷയാൽ!
വേഗമിങ്ങു വരേണമേ നീ,യെൻ-
ഭാഗധേയവിലാസമേ!!...."
(തോന്നുന്നു സോമനോരോ മാത്രയും
നീങ്ങിടാത്ത യുഗങ്ങളായ്!)



Digitized By Kerala Sahitya Akademi

നാല്

എങ്ങു പോകുന്നി,തേകയായ് പോവ-
തെങ്ങു നീദയവം മോഹിനി?
ലോകസൗഭാഗ്യവല്ലികേ, ദിവ്യ-
രാഗനിഷ്ലദീപികേ!
ഒന്നു കാണട്ടെ ഞങ്ങളും നിന്നെ,-
യൊന്നവിടെ നീ നില്ക്കണേ!
ഹന്ത, ദൈവമേ, മുന്നിലിക്കാണ്മ-
തെന്തൊരത്ഭുതസൗഭഗം!
കേവലമൊരു തന്വിയ,ല്ലേതോ
ദേവകന്യകയാണു നീ!
മന്നിലെന്നല്ല വിണ്ണിലും കാണി-
ല്ലിന്നിലയ്ക്കൊരു താരകം.
എത്രകാലം ഭജിച്ചിരിക്കണ-
മിദ്ധരയിതു നേടുവാൻ?
ലഭ്യമല്ലല്ലൊരപ്സരസ്സിനു-
മിത്തരമൊരു ചൈതന്യം!

ചെമ്പനീരലർ പെററതാകുമൊ-
രമ്പിളിക്കതിരല്ല നീ.
ഏതു വാർമഴവില്ലിലും കാണി-
ല്ലീവിധമൊരു കൗതുകം.
ദിവ്യവൃന്ദാവനീയരാഗത്തിൻ
ഭവ്യമോന്മദരശ്മികൾ
സഞ്ചരിപ്പതുണ്ടോമലേ, നിൻെറ
പുഞ്ചിരികളിൽപ്പോലുമേ!





Digitized By Kerala Sahitya Akademi

നിന്നെയ,മെത്ര ഭാവനകൾക്കും
വണ്ണനാതീതയാണു നീ!

അഞ്ച്

പൂനിലാവൊളിയാളിടും പരി-
ലോലമാമൊരു സാരിയാൽ,
നിഹ്നുതാംഗിയായ് മിന്നിടുന്നിതാ
നിമ്മലസ്വപ്നരൂപിണി!
കാലടിവെയ്പിൽ, കാലടിവെയ്പിൽ,
ചേലിലേകാന്തവീഥിയിൽ,
ലോലനൂപുരാരാവവീചികാ-
മാലയോരോന്നിളകവേ;
കഞ്ചുകാഞ്ചലാച്ഛാദിതകുച-
കുംഭകങ്ങൾ കുലുങ്ങവേ;
മാറിലാളിന പൊൻമയമണി-
മാലികകൾ കിലുങ്ങവേ;
ചാലേ പിന്നിലായ്ക്കെട്ടിയിട്ടൊരാ
നീലക്കാറണിവേണിയിൽ,
ചൂടിയ നറുംമുല്ലമാലത-
ന്നീടെഴുന്ന പരിമളം,
സുന്ദരാളകചുംബനാത്ഥിയാം
മന്ദവായുവിലോലവേ;
തന്മുഖോത്ഭിന്നമധുരശൃംഗാര-
ബിംബിതസ്മിതധാരയാൽ,
വെൺ'നുണക്കുഴി' വീശി,യാക്കവിൾ-
പ്പൊന്നലർ തുടുത്തീടവേ;



Digitized By Kerala Sahitya Akademi

ലോലലോചനാഗ്രങ്ങളിൽ തൂമിന്നൽ-
മാലയാഞ്ഞൊഞ്ഞെറിയവേ;
വിശ്വസൗന്ദര്യസാരമങ്ങൊരു
വിഗ്രഹമാന്ന മാതിരി,
കണ്ടില്ലേ, നിങ്ങൾ കണ്ടില്ലേ?—നോക്കു
കൺകവരുമാറങ്ങനെ,
പോകയാണവൾ, പോകയാണവൾ,
രാഗലോലയാ,യേകയായ്!!

## ആറ്

കോവണിപ്പടി സഞ്ജനിപ്പിപ്പൂ
കോമളമൊരു ശിഞ്ജിതം.
സോമനെന്തോ, പിടഞ്ഞെഴുന്നേല്പൂ
രോമഹർഷവിവശനായ്!
വന്നണയുന്നു മന്ദമന്ദ,മ-
ത്തെന്നലിലൊരു സൗരഭം.
സാദരമതു സൂചിപ്പിയ്ക്കുവ-
തേതു ദിവ്യസമാഗമം?
ഭൂമിയിൽ സ്വർഗ്ഗനിർവൃതി നേടും
സോമ, നീയെത്ര ഭാഗ്യവാൻ!
ജന്മസാഫല്യം നേടുവാനിട-
വന്ന നീയെത്ര പുണ്യവാൻ!
"ഹാ, മനസ്സേ, ചൊരിഞ്ഞിടായ്ക നിൻ-
പ്രേമഗദ്ഗദനിർഝരം!



Digitized By Kerala Sahitya Akademi

ആ മനോഹരസ്വപ്നസാന്നിദ്ധ്യം
നീ മുകരുക മൂകമായ്!
നിശ്ശങ്കം നീ നീന്തിയാലുമാ
നിർവൃതിതൻ തിരകളിൽ!!"

## ഏഴ്

സ്തബ്ധനായതാ മാറുന്നു സോമ-
നത്ഭുതാവേശവിഹ്വലൻ.
"എന്തു കാൺമു ഞാൻ മുന്നി,ലിക്കാണ്മ-
തെ,ന്തൊരത്ഭുതസ്വപ്നമോ?
ഓമലാളല്ലേ, മോഹിനിയല്ലേ,
ഹാ, മമ മുന്നിൽക്കാൺമു ഞാൻ?
വിശ്വസിക്കാനരുതെനിയ്ക്കെന്റെ
വിഹ്വലനയനങ്ങളെ.
മുമ്പൊരിയ്ക്കലും കണ്ടിട്ടില്ലിത്ര
സുന്ദരിയായിവളെ ഞാൻ.
നിസ്തുലിപ്പിതക്കണ്ണിൽനിന്നൊരു
സ്വർഗ്ഗചൈതന്യവിസ്മയം.
മുഗ്ദ്ധമാ മുഖമൊന്നു ചുംബിയ്ക്കാ-
നെത്ര ദുർബ്ബലനിന്നു ഞാൻ!
ഇത്ര നാളുമൊളിച്ചിരുന്നതെ-
ങ്ങിസ്സുമാരാധ്യസൗഭഗം?
എന്തു ചൈതന്യസാരകേന്ദ്ര,മി-
തെന്തു സായൂജ്യമണ്ഡലം?



Digitized By Kerala Sahitya Akademi

അല്പനേരത്തേയ്ക്കെന്നെയീവിധം
വിഭ്രമിപ്പിയ്ക്കാൻമാത്രമോ,
ജീവനായികേ, നീ വഹിക്കുന്ന-
തീ വിലാസചൈത്രോത്സവം?
ഇന്നലെവരെ നിന്നിലിത്രമേൽ
മിന്നിടാത്തൊരിസ്സൗഭഗം,
മായികമാ,ണതാരറിഞ്ഞു, ഹാ!
മായുകില്ലെന്നു ഭാവിയിൽ!
കാൺകി,ലാ രംഗം ദുസ്സഹ,മതൊ-
ന്നോക്കുവാൻപോലും വയ്യ മേ!
ഇന്നു ഗണ്യ നീ,യിന്നു ധന്യ നീ,-
യിന്നത്തേതിന്റെയാണു നീ!
കാണുവാൻ മേല നാളെയെന്നൊരു
കാർനിഴൽ നിന്നെ നിർമ്മലേ!
വായ്ക്കുമിക്കാന്തി മായ്ക്കുവാൻ മേല
വാർദ്ധകത്തിന്റെ കൈയുകൾ!
ഒക്കരുത്തു കാലത്തിനപ്പിയ്ക്കാ-
നക്കവിളിൽച്ചുളുക്കുകൾ!
മഞ്ജിമതൻ പരിധിയിൽ നീയാം
മഞ്ഞുതുള്ളി മറയണം.
മാമകാത്മാവിൽ നീയണിയിച്ച
രോമഹർഷങ്ങളൊക്കെയും
എന്നുമിവിധം നില്ക്കണമെങ്കി-
ലെന്നെ വിട്ടു നീ പോകണം.
സിദ്ധിമൂലം മുഷിവു തട്ടാത്ത
സക്തിയെന്തുണ്ടീയൂഴിയിൽ?



Digitized By Kerala Sahitya Akademi

ഏതമൃതും ചെടിച്ചുപോകുന്ന
ചേതനയാണു മർത്ത്യനിൽ!
നിന്നഴകിനാൽ നീ ജനിപ്പിച്ചിട്ടോ-
രെന്നിലുള്ളൊരീയുത്സവം
മാലിനാലംബമാക്കിടാം, പക്ഷേ,
നാളെ നിൻ പരിവർത്തനം.
കാണുമോ നിന്നെയീവിധംതന്നെ
ഞാനലകിലെന്നെന്നുമേ?
ഇല്ല, കാണില്ല, പിന്നെ ഞാനതു
ചൊല്ലി മോഹിപ്പതെന്തിനായ്?
പൊള്ളയാം നിഷ്ഫലതയിൽ തല-
തല്ലിടുന്നൊരെൻ കാമിതം
ശാശ്വതാനന്ദദിവ്യപീയൂഷ-
മാസ്വദിക്കുവതെങ്ങനെ?
പാൽക്കതിരണിത്താരകം നാളെ-
പ്പാഴ്ക്കരിക്കട്ടയാവുകിൽ,
എന്തു ദാരുണമായിരിക്കു,മ-
ച്ചിന്തപോലും മേ ദുസ്സഹം!
ആകയാ,ലിന്നു നീ മറയണം
നാകഹീരകദീപികേ!
അത്യനഘമാമീ മുഹൂർത്തത്തി-
ലുത്തമേ, നീ മരിക്കണം.
മാമകാശയം ക്രൂരമാണെങ്കി-
ലോമനേ, നീ പൊറുക്കണേ!!....''



Digitized By Kerala Sahitya Akademi

എട്ട്

കൊണ്ടുവന്നൊരച്ചെമ്പനീരലർ-
ച്ചെണ്ടു, തൻനാഥനാദ്യമായ്,
"എന്റെ സമ്മാന,"മെന്നു പുഞ്ചിരി-
ക്കൊണ്ടവൾ മന്ദമേകിനാൾ.
മിണ്ടിയില്ലവൻ;—തന്മുഖത്താക്കും
കണ്ടിടാമൊരു സങ്കടം.
തൽക്ഷണം തല താഴ്ത്തിടുന്നവൻ
തപ്തരാഗാർദ്ര മാനസൻ.

മഞ്ജുശൃംഗാരസാന്ദ്രമാമൊരു
മന്ദഹാസം പൊഴിച്ചവൾ
ആടിയാടിക്കുഴഞ്ഞടുത്തു വ-
ന്നാദരാലിദമോതിനാൾ:—
"എന്താണിന്നിത്ര മൌനം,മീ മുഖ-
ത്തെന്താണിന്നിത്ര സങ്കടം?
സന്തതം ഹർഷരശ്മികൾമാത്രം
സഞ്ചരിക്കുമീയാനനം,
ഇന്നുമാത്രമെന്തേവമല്ലലാൽ
മങ്ങിക്കാണുവാൻ കാരണം?
അത്തലാലങ്കരിച്ചിടുന്നൊരീ-
യശ്രുബിന്ദുക്കളൊക്കെ ഞാൻ
ഉൾപ്പുളകമാർന്നെന്നധരത്താ-
ലൊപ്പിയൊപ്പിക്കളഞ്ഞിടാം!"
ജീവിതേശൻതന്നാനതാനനം
പൂവിതളെതിർക്കൈകളാൽ,



Digitized By Kerala Sahitya Akademi

ചഞ്ചലഹേമകങ്കണാരവം
സംക്രമിക്കുമാ,റോമലാൾ
ആത്തരാഗമുയർത്തി, മന്ദമാ
നേത്രഫാലാധരങ്ങളിൽ,
മാറി മാറിപ്പൊഴിച്ചിതായിരം
മാദകാമൃതചുംബനം.

പ്രേമസാന്ദ്രമതേല്ക്കെ,യക്ഷണം
കോൾമയിർക്കൊണ്ടു കോമളൻ.
എന്നിട്ടും മാഞ്ഞീലാർത്തിതൻ നിഴ-
ലമ്മുഖത്തുനിന്നല്പവും.
ഉത്ഭവിക്കയാണപ്പൊഴുമവ-
നുൾത്തളിരിലീ മർമ്മരം:—

'അത്യനഘമാമീ മുഹൂർത്തത്തി-
ലുത്തമേ, നീ മരിക്കണം.
മാമകാശയം ക്രൂരമാണെങ്കി-
ലോമനേ, നീ പൊറുക്കണേ!....'

രണ്ടു ഭാഗമായ് ചീകിവെച്ചൊരാ-
ക്കൊണ്ടൽനേർച്ചുരുൾക്കുന്തളം,
മെല്ലെ മെല്ലെത്തെരുപ്പിടിച്ചുകൊ-
ണ്ടല്ലണിവേണി ചൊല്ലിനാൾ:—

"കാണട്ടേ ഞാനിന്നീ മുഖത്തൊരു
ചേണിയലുന്ന സുസ്മിതം.
പെണ്ണിനാണൂഴിയിൽപ്പുമാനല്ല
കണ്ണുനീരും കരച്ചിലും.



Digitized By Kerala Sahitya Akademi

എന്തു കാരണമീവിധം ഭവാൻ
ചിന്തയിൽ വീണടിയുവാൻ?
കണ്ടിട്ടില്ലല്ലോ മുൻപൊരിക്കലും
കണ്ണിതമേവമങ്ങയിൽ.
എന്തുതാനാട്ടെ, സർവ്വവും തുറ-
ന്നെന്നൊടൊന്നു പറയണേ!
ഹന്ത," തപ്തമാമീ മുഖം കാൺകെ
നൊന്തിടുന്നു മന്മാനസം.
താവകാധീനമല്ലയോ, നാഥ,
ജീവിതത്തിലെൻസർവ്വവും?
കാഴ്ചവെച്ചില്ലേ സാനുരാഗമ-
ക്കാൽത്തളിരിങ്കലെന്നെ ഞാൻ?
പ്രാണനായക, സാദരം, തവ
മാനസാമലവേദിയിൽ;
ഗാനസാന്ദ്രമായുള്ളതാമൊരു
കോണെനിക്കു ലഭിക്കുകിൽ,
നിർണ്ണയ,മതിന്മീതെ മറെറാരു
ജന്മസാഫല്യമില്ല മേ!!...."

കണ്മണിയേവമോതിക്കൊണ്ടൊരു
ചുംബനമവനേകിനാൾ.
എന്നിട്ടും മാഞ്ഞീലല്ലലിൻ നിഴ-
ലമ്മുഖത്തുനിന്നല്പവും.
ഉല്പതിക്കയാണപ്പൊഴമവ-
നുൾത്തളിരിലീ മർമ്മരം:—



Digitized By Kerala Sahitya Akademi

'അത്യനഘമാമീ മുഹൂർത്തത്തി-
ലുത്തമേ, നീ മരിയ്ക്കണം.
മാമകാശയം ക്രൂരമാണെങ്കി-
ലോമനേ, നീ പൊറുക്കണേ!....'

ഒമ്പതു്

പുഷ്പമാലകൾപോലെഴും കൈകൾ
സസ്പൃഹം നീട്ടിയോമലാൾ
മാരതുല്യനാമപ്പുമാനെത്തൻ-
മാറൊടു ചേർത്തു നിർത്തിനാൾ.

തൽക്കുളിർമുലപ്പൊൽക്കുടങ്ങൾതൻ-
നുൾക്കുളിരേകും സ്പർശനം;
കഞ്ജലോലമക്കൈകളേകിടും
മഞ്ജുമംഗളാലിംഗനം;
അപ്പവിഴാധരങ്ങൾ സപ്രേമ-
മർപ്പണംചെയ്യും ചുംബനം;
വീണക്കമ്പികൾ സഞ്ജനിപ്പിയ്ക്കും
ഗാനബിന്ദുക്കൾമാതിരി,
ജീവനാളത്തിൽ ചേർന്നലിഞ്ഞുപോ-
മാ വിനയാർദ്രഭാഷണം;
എന്തൊരാനന്ദരംഗമാണിതിൽ
സന്തപിയ്ക്കയോ, സോമ, നീ?
ഏതു ശാപത്താലീവിധം തവ
ജാതകം പ്രതികൂലമായ്?



Digitized By Kerala Sahitya Akademi

പിന്നെയുമെന്തോ ചൊല്ലുകയാണവൾ
റിന്നൊ,ടൊന്നതു കേൾക്ക നീ:—

"എന്തു വന്നാലും ഞാനില്ലേ?— ചോരേ?
സന്തപിയ്ക്കുകരുതീവിധം.
അന്ത്യനിശ്വാസമായിടുംവരെ-
യ്ക്കങ്ങയെപ്പിരിയില്ല ഞാൻ.
താവകാനന്ദംമാത്രമേ വേണ്ടൂ
ഭൂവിലെൻസ്വർഗ്ഗമെത്തുവാൻ.
അങ്ങയെ ധ്യാനിച്ചെന്നുമെൻമന-
സ്സ്പന്ദനങ്ങൾ മറയണം.
മാനസേശ, ഭവൽസുഖത്തിനായ്
ഞാനൊരുക്കമാണെന്തിനും.
സങ്കടഭാവമെന്തിനാ,ണിതു
കണ്ടുനില്ക്കാനരുതു മേ!
കന്നുണന്നൊരു ചുംബനം നല്ക-
കെന്നരുണാധരങ്ങളിൽ!
ഇന്നലേവരെ,ക്കാണുമ്പോഴേയ്ക്കും
മന്ദഹാസോജ്ജ്വലാസ്യനായ്,
ഓടിവന്നുമ്മവെച്ചുവെച്ചോരോ
ചാടുവാക്കുകളോതുവോൻ
ഇന്നൊരു വെറുംസാലഭഞ്ജിക-
യെന്നപോ,ലേവം നില്ക്കയോ!
ജീവനാഥ, വിഷാദമഗ്നമാം
ഭാവമൊന്നിതു മാററണേ!



Digitized By Kerala Sahitya Akademi

തങ്ങിടാമല്ലോ വേണെങ്കിൽ ഭവാ-
നിന്നു മൽപ്രാണൻപോലും ഞാൻ!''

മിന്നി തൽക്ഷണമപ്പുമാനൊരു
മിന്നൽ തന്മനോഭിത്തിയിൽ.
വേണെങ്കിൽത്തനിയ്ക്കേകിടാംപോലും
പ്രാണൻപോലുമത്തയ്യലാൾ.
ആത്തകൗതുകമർപ്പണംചെയ്യ-
താക്രമിയ്ക്കേണ്ട ഘട്ടമോ?
ഉൽപതിയ്ക്കയാണപ്പൊഴമവ-
നന്തരംഗത്തിലീ മർമ്മരം: —

'അത്യനഘമാമീ മുഹൂർത്തത്തി-
ലുത്തമേ, നീ മരിയ്ക്കണം.
മാമകാശയം ക്രൂരമാണെങ്കി-
ലോമനേ, നീ പൊറുക്കണേ!........'

പത്ത്

മാത്ര നേരത്തിനുള്ളിലാ മുഖം
ക്ഷാത്രതേജോഭരിതമായ്.
സങ്കടം പോയി, സംശയം പോയി,
ചെങ്കനൽ പാറി കൺകളിൽ;
എന്തു മാററമി,താ മിഴിയതാ
ചിന്തിടുന്നോരാ കൊള്ളിമീൻ.
എന്തക്കാണ്മതു ദൈവമേ, കഷ്ട-
മെന്തിതെന്തൊരു സംഭവം!



Digitized By Kerala Sahitya Akademi

എന്തു പൈശാചയജ്ഞസംരംഭ,-
മെന്തൊരാസുരതാണ്ഡവം!
എന്തെല്ലാമാകാം ലോകത്തിൽ മർത്ത്യ-
നെന്ത,തെന്തൊരു സാഹസം!

*　　　*　　　*

താഴ്ത്തിടുന്നു കുഠാരമാമലിൻ
മാർത്തടത്തിലാ രാക്ഷസൻ.
ചിന്നിച്ചീറിത്തെറിയ്ക്കുയാണതാ
ചെന്നിണത്തിൻ കണികകൾ.
എന്തു സാഹസ,മെന്തു ഘോര,മി-
തെന്തു വേതാളതാണ്ഡവം!
രക്തരംഗമതെത്തിനോക്കുവാൻ
ശക്തരല്ല നാമാരുമേ!
കാണുവാനരുതാ ദയനീയ-
പ്രാണവേദന ലേശവും!
വേഗമയ്യോ, യവനികയിട്ടാ
വേദനാരംഗം മൂടണേ!!

പതിനൊന്നു്

കയ്യടിച്ചില്ല, കാലടിച്ചില്ല,
തയ്യലാളാർത്തുകേണില്ല.
ആഗമിച്ചില്ലവളിൽനിന്നൊരു
ദീനരോദനംപോലുമേ.
ഇപ്പൊഴുമാ മുഖത്തുദിപ്പിതൊ-
രുൾപ്പുളകദസുസ്മിതം!



Digitized By Kerala Sahitya Akademi

എങ്കിലും, രണ്ടു കൊച്ചരുവിക-
ളങ്കുരിപ്പിതക്കൺകളിൽ.
"പ്രാണനായകാ!...." ശേഷമോതുവാൻ
ത്രാണിയററവൾ വീണുപോയ്.
'കാരണമെന്തു തന്നെയീവിധം
ഘോരനിഗ്രഹം ചെയ്യുവാൻ?'
ഉത്ഭവിച്ചിതക്കണ്ണിണയിലി-
ശ്ശുദ്ധശൂന്യമാം സംശയം.

പന്ത്രണ്ടു്

ആ ദയനീയരംഗദർശനം
വേദനിപ്പിച്ച മാനസം,
നൂറുനൂറായ് നുറുങ്ങി,ത്തൻകൈകൾ
മാറിലാഞ്ഞടിച്ചങ്ങതാ,
കേണു കേണുച്ചരിയ്ക്കയാണെന്തോ
സോമനും, ഹാ, സഗദ്ഗദം:—
"ചെയ്തിട്ടില്ലപരാധമൊന്നും നീ!
ചൈതന്യത്തിൻ വികാസമേ!
സങ്കടമെനിയ്ക്കുണ്ടിതു കാണാ-
നെങ്കിലും, നീ മരിയ്ക്കണം!
നിഗ്രഹിച്ചു നിനക്കുവേണ്ടി ഞാൻ
നിർദ്ദയം നിന്നെയോമലേ!
ജീവിതാനുഭോഗത്തിലും കാമ്യം
പാവനേ, ഹാ, നിൻ സൗന്ദര്യം!
മന്നിൽനിന്നു മറഞ്ഞിടാം നിൻെറ
മഞ്ജിമ നിത്യമാക്കി നീ!



Digitized By Kerala Sahitya Akademi

പ്രേമത്തിൻ പാത്രം പൂർണ്ണമാക്കി നി-
ന്നീ മരണത്തിൻ മാധുര്യം!
വിണ്ണിലെന്നും വിളക്കുവെയ്ക്കണം
നിന്നനുപമജീവിതം!

മിത്ഥ്യയാം നിഴൽ വിട്ടയന്നു നീ
നിത്യതയിലേയ്ക്കോമലേ!
അത്യനംഘമുഹൂർത്തത്തിൽത്തന്നെ-
യുത്തമേ, ഹാ, മരിച്ചു നീ!

മാമകകൃത്യം സാഹസമെങ്കി-
ലോമനേ, നീ പൊറുക്കണേ!!

Edappally,
24—9—1110



Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

## ചങ്ങമ്പുഴയുടെ കൃതികൾ

| | | | |
|---|---|---|---|
| രമണൻ | 1 | 8 | 0 |
| ദേവഗീത | 2 | 0 | 0 |
| സ്പന്ദിക്കുന്ന അസ്ഥിമാടം | 2 | 0 | 0 |
| അപരാധികൾ | 1 | 0 | 0 |
| ദിവ്യഗീതം | 1 | 8 | 0 |
| ഓണപ്പൂക്കൾ | 1 | 0 | 0 |
| ബാഷ്പാഞ്ജലി | 1 | 8 | 0 |
| രക്തപുഷ്പങ്ങൾ | 1 | 4 | 0 |
| സങ്കല്പകാന്തി | 1 | 4 | 0 |
| ആകാശഗംഗ | 1 | 0 | 0 |
| കളിത്തോഴി | 2 | 8 | 0 |
| വത്സല | 0 | 8 | 0 |
| ആരാധകൻ | 0 | 8 | 0 |
| മോഹിനി | 0 | 8 | 0 |
| ദേവത | 0 | 8 | 0 |
| തിലോത്തമ | 0 | 8 | 0 |
| കലാകേളി | 0 | 12 | 0 |
| ശ്രീതിലകം | 1 | 0 | 0 |
| ചൂഡാമണി | 1 | 0 | 0 |
| കരടി | 0 | 8 | 0 |
| വിവാഹാലോചന | 0 | 8 | 0 |
| അനശ്വരഗാനം | 0 | 8 | 0 |
| യവനിക | 1 | 8 | 0 |
| ഹേമന്തചന്ദ്രിക | 1 | 8 | 0 |
| സാഹിത്യചിന്തകൾ | 1 | 0 | 0 |
| നിർവൃതി | 0 | 8 | 0 |
| ദേവയാനി | 0 | 8 | 0 |

Digitized By Kerala Sahitya Akademi

# ചങ്ങമ്പുഴയുടെ കൃതികൾ

| | | | |
|---|---|---|---|
| മഞ്ഞക്കിളികൾ | 1 | 0 | 0 |
| കല്ലോലമാല | 1 | 4 | 0 |
| മൌനഗാനം | 1 | 0 | 0 |
| നിർവ്വാണമണ്ഡലം | 0 | 12 | 0 |
| അസ്ഥിയുടെ പൂക്കൾ | 0 | 12 | 0 |
| പാടുന്ന പിശാച് | 2 | 0 | 0 |
| മദിരോത്സവം | 2 | 0 | 0 |
| സ്വരരാഗസുധ | 2 | 0 | 0 |
| ഉദ്യാനലക്ഷ്മി | 1 | 2 | 0 |
| മണിവീണ | 0 | 12 | 0 |
| മാനസേശ്വരി | 0 | 6 | 0 |
| മയൂഖമാല | 0 | 9 | 0 |
| സുധാംഗദ | 0 | 15 | 0 |
| അമൃതവീചി | 0 | 12 | 0 |
| പെല്ലീസും മെലിസാന്ദയും | 1 | 8 | 0 |
| മാനസാന്തരം | 1 | 8 | 0 |
| പ്രതികാരദുർഗ്ഗ | 2 | 8 | 0 |
| കഥാരത്നമാലിക | 1 | 2 | 0 |
| നീറുന്ന തീച്ചൂള | 1 | 4 | 0 |
| തളിർത്തൊത്തുകൾ | 1 | 0 | 0 |
| രാഗപരാഗം | 1 | 0 | 0 |
| നർത്തകി | 0 | 8 | 0 |
| ഇടപ്പള്ളി രാഘവൻപിള്ളയുടെ എല്ലാ കൃതികളുംകൂടി ഒരു വാല്യത്തിൽ | 5 | 0 | 0 |
| നവഭാവന (ശ്രീദേവി ചങ്ങമ്പുഴ) | 0 | 8 | 0 |

**മംഗളോദയം ലിമിററഡ്, തൃശ്ശിവപേരൂർ.**

Digitized By Kerala Sahitya Akademi